**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3809** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന ഇരിമ്പിളിയം പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മലപ്പുറം ജില്ലാകളക്ടർ 24.02.2024ലെ LSGD/JD/MPM/3699/2023-F1 നമ്പർ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് കായികവകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ആനുപാതികമായ തുക ഉൾപ്പെടുത്തി 16.03.2024ലെ എ3-8375/23 നമ്പർ ഉത്തരവ് പ്രകാരം കായികയുവജനകാര്യ ഡയറക്ടർ ഒരു കോടി രൂപയുടെ സംയുക്ത ഭരണാനുമതി നൽകിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടോട്ടൽ സ്റ്റേഷൻ സർവേ പൂർത്തിയായിട്ടുണ്ടോയെന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തിയ്ക്കായി 30.11.2023 ദർഘാസ് ക്ഷണിച്ചുവെങ്കിലും ദർഘാസുകളൊന്നും ലഭിച്ചിരുന്നില്ല. 01.04.2024 ന് പുന:ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് അടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതിനാൽ ഫീൽഡ് എഞ്ചിനീയേഴ്സ് ടോട്ടൽസ്റ്റേഷൻ സർവ്വേ നടത്താതെ സൈറ്റ് മെഷർമെന്റുകൾ പ്രകാരം ലേഔട്ട് തയ്യാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്. സർവ്വേ നടപടികൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 24.06.2024-ൽ 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതി സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. 27.06.2024-ന് മുമ്പായി ടി പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തിയ്ക്കായി 30.11.2023 ദർഘാസ് ക്ഷണിച്ചുവെങ്കിലും ദർഘാസുകളൊന്നും ലഭിച്ചിരുന്നില്ല. 01.04.2024 ന് പുന:ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് അടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതിനാൽ ഫീൽഡ് എഞ്ചിനീയേഴ്സ് ടോട്ടൽസ്റ്റേഷൻ സർവ്വേ നടത്താതെ സൈറ്റ് മെഷർമെന്റുകൾ പ്രകാരം ലേഔട്ട് തയ്യാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്. സർവ്വേ നടപടികൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 24.06.2024-ൽ 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതി സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. 27.06.2024-ന് മുമ്പായി ടി പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ